**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 280** **02-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ .പി. കെ. ബഷീർ ,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് സർക്കാരിന് മുൻപിൽ പുതിയ നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; | (എ) | പുതുതായി പ്രത്യേക നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളവിതരണം നടത്തുന്നതിന് കുറവുള്ള തുക അനുവദിക്കുന്നതിനായി സർക്കാരിനോട് ആവശ്യപ്പെടാറുണ്ട്. |
| (ബി) | വരുമാന വർദ്ധനവിനായി ഓരോ ഡിപ്പോയ്ക്കും ടാർജറ്റ് നിശ്ചയിച്ച് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓരോ ഡിപ്പോയിലും സർവ്വീസ് ഓപ്പറേഷൻ മെച്ചപ്പെടുത്തി ചെലവ് കുറച്ച് വരുമാന വർദ്ധനവ് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മേഖലയിലേയും ഡിപ്പോകളിലെയും ചെലവും വരുമാനവും, സർവ്വീസ് ഓപ്പറേഷനുള്ള സാധ്യതയും മാനദണ്ഡങ്ങളാക്കി കാര്യക്ഷമതയും മത്സരോത്സുകതയും വർദ്ധിപ്പിക്കുന്നതിനായി ഓരോ ഡിപ്പോയ്ക്കും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ടാർജറ്റിന്റെ അടിസ്ഥാനത്തിൽ ശമ്പള വിതരണം നടത്തണമെന്ന ആവശ്യം സർക്കാർ അംഗീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ടാർജറ്റ് അടിസ്ഥാനത്തിൽ ശമ്പളം നൽകാൻ സർക്കാർ തലത്തിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ